# കോളേജ് പ്രവേശനം

(കോളേജ് പ്രവേശനത്തിന് അപേക്ഷിക്കുന്നതിനുമുമ്പ് ഈ നടപടിക്രമം മുഴുവൻ വായിക്കേണ്ടതാണ്.)

**ആമുഖം**

മുന്നോക്കസമുദായം നടത്തുന്ന എയ്ഡഡ് കോളേജുകളുടെ വിഭാഗത്തിൽപ്പെടുന്ന ഈ കോളേജ് കോട്ടയം മഹാത്മാഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്നതാണ്. ഈ കോളേജിന്റെ പ്രവേശന നടപടിക്രമം മഹാത്മാഗാന്ധി സർവകലാശാലയുടെയും കേരളസർക്കാരിന്റെയും നിയമങ്ങളും ചട്ടങ്ങളും പാലിച്ചാണ് നടത്തപ്പെടുന്നത്.

കോളേജ് വാഗ്ദാനം ചെയ്യുന്ന വിവിധ പ്രോഗ്രാമുകളിലെ (ഗണിതശാസ്ത്രം, രസതന്ത്രം, ചരിത്രം, തുടങ്ങിയ ഓരോ വിഭാഗത്തിലെയും ബിരുദകോഴ്സിനെയാണ് പ്രോഗ്രാം എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത്.) സീറ്റുകൾ മുഖ്യമായും പൊതുസംവരണ സീറ്റുകൾ, നിർബന്ധിതവും സവിശേഷവുമായ സംവരണ സീറ്റുകൾ, സമുദായ സീറ്റുകൾ, മാനേജ്മെന്റ് സീറ്റുകൾ എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു.

**പൊതുസംവരണ സീറ്റുകൾ**

കോളേജിന്റെ ബിരുദപ്രോഗ്രാമിൽ ചേരാൻ ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും മെറിറ്റ് സീറ്റിലേക്ക് അപേക്ഷിക്കേണ്ടതാണ്. മഹാത്മാഗാന്ധി സർവകലാശാലയുടെ കേന്ദ്രീകൃത പങ്കിടൽ പ്രക്രിയ (CAP) യിലൂടെയാണ് മെറിറ്റ് സീറ്റുകളിലേക്കുള്ള പ്രവേശനം നടത്തുന്നത്. താത്പര്യമുള്ള വിദ്യാർത്ഥികൾ തങ്ങളുടെ അപേക്ഷകൾ സർവകലാശാലയുടെ CAP ലൂടെ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിശദമായ വിവരങ്ങൾക്കും നിർദേശങ്ങൾക്കും www.cap.mgu.ac.in എന്ന വെബ്സൈറ്റ് ഉപയോഗിക്കാവുന്നതാണ്.

**നിർബന്ധിത, പ്രത്യേക സംവരണവിഭാഗ സീറ്റുകൾ**

**സ്പോർട്സ് സംവരണവിഭാഗസീറ്റുകൾ:** സ്പോർട്സിലും ഗെയിംസിലും മികച്ച നേട്ടങ്ങൾ ഉള്ളവർക്ക് ഈ വിഭാഗം സീറ്റുകളിൽ പ്രവേശനം നേടാവുന്നതാണ്.

**സാംസ്കാരിക സംവരണവിഭാഗസീറ്റുകൾ:** പൊതുവിദ്യാഭ്യാസ ഡയറക്ടർ (DPI) അംഗീകരിച്ചിരിക്കുന്ന സ്കൂൾ കലോത്സവങ്ങളിൽ മികച്ച നേട്ടം കൈവരിച്ചവർക്ക് ഈ വിഭാഗം സീറ്റുകളിൽ പ്രവേശനം നേടാവുന്നതാണ്.

**ശാരീരികന്യൂനത അനുഭവിക്കുന്നവർക്കായുള്ള സംവരണവിഭാഗസീറ്റുകൾ:** സർവകലാശാല നിർദേശിക്കുന്ന നിബന്ധനകൾക്ക് അനുസൃതമായി, ഈ പ്രത്യേകലക്ഷ്യത്തിലേക്കായി രൂപീകരിച്ച ഒരു മെഡിക്കൽ ബോർഡ്, 40% ൽ അധികമായ ഏതെങ്കിലും ശാരീരികന്യൂനത ഉണ്ടെന്ന് സാക്ഷ്യപ്പെടുത്തിയ വിദ്യാർത്ഥികൾക്ക് ഈ വിഭാഗം സീറ്റുകൾ ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾ ലഭിക്കുന്നതിന് മഹാത്മാഗാന്ധി സർവകലാശാല പ്രസിദ്ധീകരിച്ച പ്രോസ്പെക്ടസ് നോക്കാവുന്നതാണ്. ഈ വിഭാഗങ്ങളിൽ പരിഗണിക്കുന്നതിന് സർവകലാശാലയുടെ CAP ലൂടെതന്നെയാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. പ്രസ്തുത പ്രവേശനം CAP ലൂടെ ആരംഭഘട്ടത്തിൽതന്നെ നടക്കുന്നതാണ്. ആയതിനാൽ അപേക്ഷാതീയതി സംബന്ധിച്ച വിവരങ്ങൾക്ക് അപേക്ഷകർ സർവകലാശാലാ വെബ്സൈറ്റ് ശ്രദ്ധിക്കേണ്ടതാണ്.

എസ്.സി./എസ്.റ്റി./ഒ.ബി.സി./ഈഴവ/മുസ്ലിം/ഒ.ബി.എക്സ്./ഒ.ഇ.സി./ആംഗ്ലോ ഇൻഡ്യൻ അല്ലാത്ത ലത്തീൻ കത്തോലിക്കർ തുടങ്ങിയ സംവരണസീറ്റുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സർവകലാശാലയുടെ CAP ലൂടെമാത്രം അപേക്ഷകൾ സമർപ്പിച്ചാൽ മതിയാകും.

## സമുദായ സീറ്റുകൾ (Community seats)

എയ്ഡഡ് പ്രോഗ്രാമുകളിലെ 10 % സമുദായ സംവരണ സീറ്റുകൾ ക്നാനായ കത്തോലിക്കാ സമുദായത്തിലെ അപേക്ഷകർക്കായി നീക്കിവച്ചിരിക്കുന്നു. ഇത് മെറിറ്റ് അടിസ്ഥാനത്തിലാണ് തീരുമാനിക്കുന്നത്. (ഇപ്രകാരം സമുദായസംവരണസീറ്റുകൾ സ്വാശ്രയവിഭാഗത്തിൽ ലഭ്യമല്ല.) കോളേജിൽ സമർപ്പിക്കേണ്ട പ്രവേശനഫോറം കോളേജ് ഓഫീസിൽനിന്നോ ഓൺലൈനായി നിർദിഷ്ഠ ഫീസ് അടച്ച് കോളേജ് വെബ്സൈറ്റിൽനിന്ന് ഡൗൺലോഡ് ചെയ്തോ സ്വീകരിക്കാവുന്നതാണ്. സമുദായ സംവരണപ്രകാരം സീറ്റ് നേടാൻ ആഗ്രഹിക്കുന്നവർ കോളേജ് ഓഫീസിൽ നേരിട്ടും സർവകലാശാലാ പ്രവേശന പോർട്ടലിലൂടെയും അപേക്ഷിക്കണമെന്നത് പ്രത്യേകം ശ്രദ്ധിക്കുക. ഇടവക വികാരിയുടെ സാക്ഷ്യപത്രവും പ്രായവും പ്ലസ്ടു അല്ലെങ്കിൽ തത്തുല്യപരീക്ഷയിൽ ലഭിച്ച മാർക്കും തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രങ്ങളുടെ പകർപ്പും ഉൾപ്പെടുത്തിയ അപേക്ഷാഫോറമാണ് കോളേജ് ഓഫീസിൽ സമർപ്പിക്കേണ്ടത്.

## മാനേജ്മെന്റ് സീറ്റുകൾ (Management seats)

എയ്ഡഡ് പ്രോഗ്രാമുകളിലെ 20 % സീറ്റും സ്വാശ്രയപ്രോഗ്രാമുകളിലെ 50 % സീറ്റും മാനേജ്മെന്റ് സംവരണവിഭാഗത്തിൽപ്പെടുന്നു. ഈ സീറ്റുകളിലേക്കുള്ള അപേക്ഷകർ, സർവകലാശാല പ്രവേശന പോർട്ടലിലൂടെ അപേക്ഷിക്കുന്നതിനൊപ്പംതന്നെ, നേരിട്ടോ തപാൽവഴിയോ കോളേജ് ഓഫീസിലും അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

കോളേജിൽ സമർപ്പിക്കേണ്ട പ്രവേശനഫോറങ്ങൾ കോളേജ് ഓഫീസിൽനിന്ന് നേരിട്ട് സ്വീകരിക്കാവുന്നതാണ്. നിർദിഷ്ഠ ഫീസ് ഓൺലൈനായി അടച്ച് കോളേജ് വെബ്സൈറ്റിൽനിന്ന് ഡൗൺലോഡ് ചെയ്തും ഉപയോഗിക്കാവുന്നതാണ്. പ്രായവും പ്ലസ്ടു അല്ലെങ്കിൽ തത്തുല്യപരീക്ഷയിൽ ലഭിച്ച മാർക്കും തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രങ്ങളുടെ പകർപ്പും ഉൾപ്പെടുത്തിയ അപേക്ഷാഫോറമാണ് കോളേജ് ഓഫീസിൽ സമർപ്പിക്കേണ്ടത്.

## അപേക്ഷാ നടപടിക്രമം (Application Procedure)

### 1. സമുദായ സംവരണവിഭാഗ പ്രവേശനം (Community quota seats)

1.1. സമുദായ സംവരണവിഭാഗത്തിലൂടെ പ്രവേശനം ആഗ്രഹിക്കുന്നവർക്ക് കോളേജ് ഓഫീസിൽനിന്ന് ലഭിക്കുന്ന അപേക്ഷാഫോറമോ കോളേജ് വെബ്സൈറ്റിൽനിന്ന് ഡൗൺലോഡ് ചെയ്തെടുക്കുന്ന അപേക്ഷാഫോറമോ ഉപ യോഗിക്കാവുന്നതാണ്. ഡൗൺലോഡ് ചെയ്ത അപേക്ഷാഫോറം ഉപയോഗിക്കുന്നവർ എസ്.ബി.ഐ. കളക്റ്റു വഴി (https://www.onlinesbi.com/sbicollect/icollecthome.htm) ഓൺലൈനായാണ് ഫീസ് അടയ്ക്കേണ്ടത്.

1.2. പ്രായവും പ്ലസ്ടു അല്ലെങ്കിൽ തത്തുല്യപരീക്ഷയിൽ ലഭിച്ച മാർക്കും തെളിയിക്കുന്നതിനുള്ള സാക്ഷ്യ പത്രങ്ങളുടെ പകർപ്പും ഇടവക വികാരിയുടെ സാക്ഷ്യപത്രവും ഉൾപ്പെടുത്തി പൂരിപ്പിച്ച അപേക്ഷാഫോറം, നേരിട്ടോ തപാൽവഴിയോ, കോളേജ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

1.3. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ CAP സൈറ്റ് വഴിയും (നിർബന്ധമായും) അപേക്ഷിക്കേണ്ടതാണ്.

### 2. മാനേജ്മെന്റ് സംവരണവിഭാഗ പ്രവേശനം (Management quota seats)

2.1. മാനേജ്മെന്റ് സംവരണവിഭാഗത്തിലൂടെ പ്രവേശനം ആഗ്രഹിക്കുന്നവർക്ക് കോളേജ് ഓഫീസിൽനിന്ന് ലഭിക്കുന്ന അപേക്ഷാഫോറമോ കോളേജ് വെബ്സൈറ്റിൽനിന്ന് ഡൗൺലോഡ് ചെയ്തെടുക്കുന്ന അപേക്ഷാ ഫോറമോ ഉപയോഗിക്കാവുന്നതാണ്. ഡൗൺലോഡ് ചെയ്ത അപേക്ഷാഫോറം ഉപയോഗിക്കുന്നവർ എസ്.ബി. ഐ. കളക്റ്റുവഴി (https://www.onlinesbi.com/sbicollect/icollecthome.htm) ഓൺലൈനായാണ് ഫീസ് അടയ്ക്കേണ്ടത്.

2.2. എയ്ഡഡ്, സ്വാശ്രയ പ്രോഗ്രാമുകൾക്ക് വ്യത്യസ്ത അപേക്ഷാഫോറങ്ങളാണ് ഉപയോഗിക്കേണ്ടത്. ഒന്നില ധികം എയ്ഡഡ് പ്രോഗ്രാമുകൾക്ക് ഒരേ അപേക്ഷാഫോറം പ്രയോജനപ്പെടുത്താവുന്നതാണ്. എന്നാൽ ഒന്നില ധികം സ്വാശ്രയ പ്രോഗ്രാമുകൾക്ക് അപേക്ഷിക്കുന്ന പക്ഷം ഓരോന്നിനും വ്യത്യസ്ത അപേക്ഷാഫോറമാണ് ഉപയോഗിക്കേണ്ടത്.

2.3. പൂരിപ്പിച്ച അപേക്ഷാഫോറം, പ്രായവും പ്ലസ്ടു അല്ലെങ്കിൽ തത്തുല്യപരീക്ഷയിൽ ലഭിച്ച മാർക്കും തെളിയി ക്കുന്നതിനുള്ള സാക്ഷ്യപത്രങ്ങളുടെ പകർപ്പും ഉൾപ്പെടുത്തി, നേരിട്ടോ തപാൽവഴിയോ, കോളേജ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

2.4. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ CAP സൈറ്റ് വഴിയും (നിർബന്ധമായും) അപേക്ഷിക്കേണ്ടതാണ്.

**3. പൊതു, നിർബന്ധിത, പ്രത്യേക സംവരണവിഭാഗങ്ങൾ**

3.1. അപേക്ഷകർ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ CAP സൈറ്റുവഴി മാത്രം അപേക്ഷിച്ചാൽ മതിയാകും.

**4.** സർവകലാശാല നിർദേശിച്ചിരിക്കുന്ന അവസാനതീയതിക്ക് ശേഷം കോളേജ് ഓഫീസിൽ ലഭിക്കുന്ന അപേക്ഷാഫോറങ്ങൾ, നിർദ്ദിഷ്ഠ ഫീസ് അടയ്ക്കാത്ത ഡൗൺലോഡ് ചെയ്തെടുത്ത അപേക്ഷാഫോറങ്ങൾ, അപൂർണമോ തെറ്റായ വിവരങ്ങൾ അടങ്ങിയതോ ആയ അപേക്ഷാഫോറങ്ങൾ എന്നിവ മുൻകൂർ അറിയിപ്പില്ലാതെ നിരസിക്കുന്നതാണ്.

**5.** അപേക്ഷാഫോറം ഡൗൺലോഡ് ചെയ്യുന്നതിലൂടെയും ഓൺലൈനായി ഫീസ് അടയ്ക്കുന്നതിലൂടെയും മാത്രം ഒരു വ്യക്തി കോളേജ് പ്രവേശനത്തിന് അർഹനാകുന്നില്ല. അപേക്ഷകർ അപേക്ഷാഫോറം സമർപ്പിക്കുകയും സർവകലാശാല നിർദേശിക്കുന്ന പ്രവേശനമാനദണ്ഡങ്ങൾ പൂർത്തിയാക്കുകയും ചെയ്യേണ്ടതാണ്.

**6.** അപേക്ഷാഫോറത്തിനുള്ള ഫീസ് https://www.onlinesbi.com/sbicollect/icollecthome.htm എന്ന എസ്.ബി.ഐ. കളക്റ്റ് വെബ്സൈറ്റിലൂടെ ഓൺലൈനായി താഴെപ്പറയുന്ന ഐച്ഛികങ്ങൾ നല്കി അടയ്ക്കാവുന്നതാണ്:

കോർപറേറ്റ്/സ്ഥാപനം സ്ഥിതിചെയ്യുന്ന സംസ്ഥാനം (State of Corporate / Institution) : കേരളം

കോർപറേറ്റ്/സ്ഥാപനത്തിന്റെ വിഭാഗം(Type of Corporate / Institution) : വിദ്യാഭ്യാസസ്ഥാപനം

വിദ്യാഭ്യാസസ്ഥാപനത്തിന്റെ പേര് (Educational Institution’s Name) : ബി.സി.എം. കോളേജ്, കോട്ടയം

2020 ജൂലൈ 28-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിമുതൽ കോളേജ് ഓഫീസിലും കോളേജ് വെബ്സൈറ്റിലും അപേക്ഷാഫോറങ്ങൾ ലഭ്യമാക്കുന്നതാണ്.

**പ്രത്യേകശ്രദ്ധയ്ക്ക്:**

ഈ വെബ്സൈറ്റിൽ നല്കിയിരിക്കുന്ന ഇംഗ്ലീഷ് പകർപ്പാണ് ആധികാരികമായത്.

ഈ നിർദേശങ്ങളിൽ എന്തെങ്കിലും അന്തരം ഉള്ളപക്ഷം സർവകലാശാല നിർദേശിച്ചിരിക്കുന്ന നിയമങ്ങളും / വ്യവസ്ഥകളുമാണ് ബാധകമാകുക.